**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2487** **21-01-2021 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണയിലെ യുവ അതിഥിമന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പെരിന്തൽമണ്ണയിൽ യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണ്; എത്ര തുകയുടെ പ്രോജക്ടിനാണ് സർക്കാർ അനുമതി നൽകിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ യുവ അതിഥി മന്ദിരം 20.02.2011ന് തറക്കല്ലിട്ട് നിർമ്മാണം ആരംഭിച്ചു. ആദ്യഘട്ടത്തിൽ നിർമ്മാണത്തിനായി 40,00,000/-രൂപയും (നാൽപ്പത് ലക്ഷം രൂപ മാത്രം) തുടർന്ന് 47,72,900/- രൂപയും (നാൽപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി തൊള്ളായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണത്തിന് വേണ്ടി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; | (ബി) | യുവ അതിഥി മന്ദിരത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 53,32,039/- രൂപ (അൻപത്തി മൂന്ന് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി മുപ്പത്തി ഒൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത യുവ അതിഥി മന്ദിരം നിലവിൽ പ്രവർത്തനസജ്ജമാണോ; എന്തെല്ലാം സൗകര്യങ്ങളാണ് ടി അതിഥി മന്ദിരത്തിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | യുവ അതിഥി മന്ദിരം നിലവിൽ പ്രവർത്തന സജ്ജമല്ല. യുവ അതിഥി മന്ദിര നിർമ്മാണം സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായി സഹകരിച്ച് പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

ഭരണാനുമതി

GOVERNMENT OF KERALA

Abstract

Sports & Youth Affairs Department - Kerala State Youth Welfare Board Allocation of Grant-in-Aid (Plan) - Approved - Orders issued

SPORTS & YOUTH AFFAIRS DEPARTMENT

G.O. (Rt) No.168/11/S&YA. Dated, Thiruvananthapuram, 18-10-2011

Read:- Letter No. P6-4262/11/YWB dated 29-07-2011 from the Member Secretary, Kerala State Youth Welfare Board, Thiruvananthapuram.

ORDER

Government are pleased to approve the allocation of plan fund of Rs. 8.25 crore (Eight crore Twenty five lakhs Rupees only) for the financial year 2011-12 allotted to the Kerala State Youth Welfare Board as detailed below:

| SL. No | Name of Scheme | Budget Estimate (in Lakh) |
|---|---|---|
| 1 | Keralotsavam | 240 |
| 2 | Yuvasakthi | 330 |
| 3 | Yuva Athidhi Mandiram (Perunthalmanna, Devikulam) | 40 |
| 4 | Adventure Activities | 15 |
| 5 | Employment Programme Information & Youth Services | 80 |
| 6 | Other Youth Welfare Programme | 50 |
| 7 | National Integration | 8 |

| | | |
|---|---|---|
| 8 | International Youth Exchange Programme | 25 |
| 9 | Youth Leadership Camp and Festivals | 7 |
| 10 | Promotion of Folk Arts | 5 |
| 11 | Youth Award | 15 |
| 12 | Modernization | 10 |
| | **TOTAL** | **825** |

**(By Order of the Governor)**

**R. GOPAKUMAR,**
**Under Secretary to Government.**

To

1. The Member Secretary, Kerala State Youth Welfare Board, Thiruvananthapuram.
2. The Principal Accountant General (A&E), Kerala, Thiruvananthapuram.
3. The Finance Department.
4. Stock File/Office Copy.

***Forwarded/By Order***

***Section Officer.***

**കേരള സർക്കാർ**

## സംഗ്രഹം

കായിക യുവജനകാര്യ (ബി) വകുപ്പ് - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ പെരിന്തൽമണ്ണയിൽ യുവ അതിഥി മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കായിക യുവജനകാര്യ (ബി) വകുപ്പ്

സ.ഉ(സാധാ) നം. 196/13/കാ.യു.വ തീയതി, തിരുവനന്തപുരം, 08.11.2013

---

പരാമർശം: 1. സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 22.10.13 ലെ എ 2-3870/13.വൈ.ഡബ്ല്യു ബി നമ്പർ കത്ത്.
2. 31.10.13 ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ മിനിട്സ്.

## ഉത്തരവ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ നിർമ്മാണം നടന്നു വരുന്ന മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലെ ഒരു യുവ അതിഥി മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത മന്ദിരം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ഗ്രൂപ്പ് ബോർഡിന്റെ അനുവാദത്തോടെ ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് ഒരു ഗവ. കോൺട്രാക്ടറെ ഏൽപ്പിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഹാബിറ്റാറ്റിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് നിർമ്മാണം നടത്തുന്നത്. ഹാബിറ്റാറ്റ് നൽകിയ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കോൺട്രാക്ടർക്ക് തുക അനുവദിച്ചു നൽകിയത്. യുവ അതിഥി മന്ദിരത്തിന്റെ പൂർത്തീകരണത്തിനായി 47,72,900/- രൂപ (നാൽപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത തുക യുവജനക്ഷേമ ബോർഡിന്റെ 2204-00-103-98-YWB-36- grant – in- aid (Plan) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് കണ്ടെത്താമെന്ന് നിർദ്ദേശത്തിൽ പറയുന്നു. ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് സമർപ്പിച്ച വ്യക്തി / ഏജൻസി | തുക |
|---|---|---|---|
| 1 | റോഡ് നിർമ്മാണം | കോൺട്രാക്ടർ | 10,00,000/- |
| 2 | കുടിവെള്ള വിതരണ സംവിധാനം | കോൺട്രാക്ടർ | 2,60,000/- |
| 3 | ഫർണിച്ചർ | കാഡ്കോ ലിമിറ്റഡ് | 17,52,900/- |
| 4 | ഇലക്ട്രിഫിക്കേഷൻ | പി.ഡബ്ല്യുഡി ഇലക്ട്രിക്കൽസ് | 6,00,000/- |
| 5 | കോമ്പൌണ്ട് വാൾ | ഹാബിറ്റാറ്റ് | 17,00,000/- |
| ആകെ | | | 47,72,900/- |

31.10.13 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 47,72,900/- രൂപ (നാൽപ്പത്തി ഏഴ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി തൊള്ളായിരം രൂപ മാത്രം) യുവജനക്ഷേമ ബോർഡിന്റെ 2204-00-103-98-YWB-36- grant – in- aid (Plan) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് ചെലവ് ചെയ്ത് പെരിന്തൽമണ്ണയിൽ യുവ അതിഥി മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം ഈ സാമ്പത്തിക വർഷം തന്നെ മേൽ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തു തീർക്കേണ്ടതും അനുവദിച്ചിട്ടുള്ള തുക അധികരിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്. പ്രവൃത്തി തീർത്തതിനുശേഷം ഈ സാമ്പത്തിക വർഷം തന്നെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം. ശിവശങ്കർ**
**സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, കായിക യുവജനകാര്യാലയം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ